To witness
to His love
and compassion

**KANNUR**
**DIOCESAN GAZETTE**
**കണ്ണൂർ രൂപതാ ഗസറ്റ്**

| Vol. XVIII | 2017 October 10 | No: 5 |
| --- | --- | --- |

# കണ്ണൂർ പ്രേഷിതസംഗമം: ഇടയലേഖനം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരിസഹോദരന്മാരേ, കുഞ്ഞുമക്കളേ,

വല്ലാർപാടത്ത് വച്ചു ഒക്ടോബർ 6,7,8 തിയതികളിൽ നടന്ന മിഷൻ കോൺഗ്രസും ബി.സി.സി. സംഗമവും കേരള ലത്തീൻ സഭയുടെ മുന്നേറ്റത്തിന്റെ പുതിയ തുടക്കമായി. കേരള സഭയുടെ ഈ ധന്യമൂഹർത്തത്തിൽ പങ്കെടുക്കാൻ നമ്മുടെ രൂപതയിൽ നിന്ന് നൂറോളം പേർക്ക് സാധിച്ചു. വർഷങ്ങളുടെ ഒരുക്കത്തോടെ നടത്തപ്പെട്ട ഈ പരിപാടി വിജയിപ്പിക്കാൻ സഹകരിച്ച ഏവർക്കും ഞാൻ എന്റെ കൃതജ്ഞത അറിയിക്കട്ടെ.

2017 ലെ കേരള ലത്തീൻ സഭയുടെ മിഷൻ കോൺഗ്രസ് കണ്ണൂർ രൂപതക്ക്, അതിന്റെ ചില അസുലഭചരിത്രനിമിഷങ്ങൾ അനുസ്മരിച്ച് നവീകൃതമാകുന്ന അവസരമാകുന്നു. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനെന്നറിയപ്പെടുന്ന് വി. ഫ്രാൻസീസ് സേവ്യർ കണ്ണൂരിൽ വന്നതിന്റെ 475-ാം വാർഷികവും, കണ്ണൂർ രൂപതയുടെ സ്ഥാപനത്തിന് പ്രധാന കാരണമായ ചിറക്കൽ മിഷന്റെ തുടക്കത്തിന്റെ 80-ാം വാർഷികവും സംയുക്തമായി ആഘോഷിക്കുന്ന 'കണ്ണൂർ പ്രേഷിസംഗമം' രൂപാതാംഗങ്ങൾക്ക് ഒരിക്കൽകൂടെ തങ്ങളുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളിലേക്ക് തിരിഞ്ഞ് നോക്കാനും, പ്രചോദിതരാകാനും, നവീകൃതരാകാനും, സുവിശേഷവൽക്കരണത്തിന്റെ ഒരു നല്ലനാളെ വിഭാവനം ചെയ്യാനും സഹായിക്കും.

**വിശ്വാസത്തിന്റെ അഗ്നി കുടുംബങ്ങളിലേക്ക്- വിശ്വാസനവീകരണ പരിപാടികൾ:-** 2017 ജനുവരിയിൽ പിലാത്തറ വച്ചുനടന്ന കണ്ണൂർ രൂപത ബൈബിൾ കൺവെൻഷനിൽ വച്ച്, 'വിശ്വാസത്തിന്റെ അഗ്നി കുടുംബങ്ങളിലേയ്ക്ക്'എന്ന ആപ്തവാക്യത്തോടെ ആരംഭിച്ച വിശ്വാസനവീകരണപരിപാടികൾ അതിന്റെ അന്തിമഘട്ടത്തിലേക്കെത്തുകയാണല്ലോ. ക്രൈസ്തവ കുടുംബങ്ങൾ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാകണമെന്ന ദൈവികാഗ്രഹം നിറവേറ്റാൻ സെപ്തംബർ 17 മുതൽ 23 വെരയുള്ള ദിവസങ്ങൾ അനുരജ്ഞനവാരമായി നാം ആഘോഷിക്കുകയും പലരും അനുരജ്ഞകൂദാശയിലൂടെ കർത്താവിന്റെ കൃപയിലേക്ക് തിരിച്ചുവരുകയും ചെയ്തു. നമ്മുടെ പല കുടുംബങ്ങളിലും ഈശോയുടെ തിരുഹൃദയത്തിന്റെ ചിത്രമില്ലാതിരുന്ന സാഹചര്യത്തിൽ, എല്ലാവരും തന്നെ ഈശോയുടെ തിരുഹൃദയത്തിന്റെ രൂപം സ്വന്തമാക്കുകയും, സെപ്തംബർ 24 -ാം തിയതി, ദേവാലയത്തിൽ കൊണ്ടുവന്ന് ഈ രൂപം വെഞ്ചിരിക്കുകയും, രൂപത മൊത്തം തിരുഹൃദയപ്രതിഷ്ഠയിൽ പങ്കുചേരുകയും ചെയ്തു. അന്ന് വൈകുന്നേരം നമ്മുടെ കുടുംബങ്ങളിൽ നടത്തിയ തിരുഹൃദയപ്രതിഷ്ഠ കർത്താവിന്റെ അഗാധമായ സ്നേഹം അനുഭവിക്കാനും ആ സ്നേഹത്തിൽ വളരാനും നമുക്ക് മുതൽക്കൂട്ടാകും. മറിയത്തിലൂടെ യേശുവിലേക്കുള്ള നമ്മുടെ മുന്നേറ്റം ഫലപ്രദമാക്കാൻ നമ്മുടെ കുടുംബങ്ങളിൽ ആരംഭിച്ച 33 ദിവസം നീണ്ടുനില്ക്കുന്ന മരിയൻ ധ്യാനം തീർച്ചയായും സഹായിക്കുന്നുണ്ട്. ഒരു ദിവസം ഒഴിവില്ലാതെ 'സ്വർഗ്ഗീയ പ്രഭാതത്തിലേക്ക് 33 ദിവസങ്ങൾ' എന്ന ധ്യാനം നടത്താൻ നിങ്ങളെല്ലാവരും പ്രതിജ്ഞാബദ്ധരാണെന്ന് എനിക്കറിയാം. കൂടാതെ ഈ ദിവസങ്ങളിൽ ദൈവത്തിന്റെ കൃപാവരം നമ്മിൽ ഫലവത്താകാൻ തടസ്സമാകാവുന്ന എല്ലാ രീതിയിലുള്ള തിന്മയുടെ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനില്ക്കാമെന്ന് ഒരിക്കൽ കൂടെ നമുക്ക് പ്രതിജ്ഞ ചെയ്യാം. ഒക്ടോബർ 8 -ാം തിയതി കേരള ലത്തീൻ സഭയുടെ എല്ലാം മക്കളോടുമൊത്ത് നമ്മളും ഇടവക ദേവാലയങ്ങളിൽ നമ്മെതന്നെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് നടത്തിയ പ്രതിഷ്ഠ ഈ നവീകരണചൈതന്യത്തിൽ മുന്നേറാൻ, അമ്മയുടെ മാദ്ധ്യസ്ഥതയിലൂടെ നമുക്ക് സാധിക്കും.

**കണ്ണൂർ പ്രേഷിത സംഗമം:-** 16 -ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്നുവരെയുണ്ടായ പല മിഷൻ മുന്നേറ്റങ്ങളുടെയും പരണിതഫമാണ് കോഴിക്കോട്- കണ്ണൂർ രൂപതകൾ. 1542 ലെ വി. ഫ്രാൻസീസ് സേവ്യറിന്റെ കണ്ണൂർ സന്ദർശനം ഇവിടെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചു. 1921 -ൽ മംഗലാപുരം രൂപതാംഗമായ റവ. ഫാദർ പോൾ റൊസാരിയോ ഫെർണാഡസ് കോളയാട് കേന്ദ്രമാക്കി ആരംഭിച്ച കോളയാട് മിഷൻ ആധുനിക കാലത്തെ മിഷൻ പ്രവർത്തനങ്ങളുടെ തുടക്കമായി. 1937 -ൽ ഈശോസഭാവൈദീകനായ റവ. ഫാദർ പീറ്റർ കയ്റോണി ആരംഭിച്ച ചിറക്കൽ മിഷൻ ഇവിടുത്തെ സമീപകാല മിഷൻപ്രവർത്തനങ്ങളുടെ നിർണ്ണായക വഴിത്തിരിവായി. അദ്ദേഹത്തിനൊപ്പവും അദ്ദേഹത്തിന് ശേഷവും ഈ മിഷൻ പ്രവർത്തനങ്ങളിൽ കടന്നുവന്ന സാത്വികരും ധന്യരുമായ മിഷനറിമാർ കണ്ണൂർ രൂപതയ്ക്ക് കാരണമായ മിഷൻ വിജയഗാഥ രചിച്ചു. 1938 -ൽ റവ. ഫാദർ ജോൺ സിക്വേര ആരംഭിച്ച മാട്ടൂൽ മിഷനും, 1934-ൽ റവ. ഫാദർ പോൾ റൊസാരിയോ ഫെർണാഡസ് തന്നെ സ്ഥാപിച്ച ചന്ദ്രഗിരി മിഷനും, തുടർന്ന് റവ. ഫാദർ ജോസഫ് ടഫറേൽ സ്ഥാപിച്ച ഇരിട്ടി മിഷനും, റവ. ഫാദർ ജെയിംസ് മൊന്തനാരി സ്ഥാപിച്ച ഏഴിമല മിഷനും ദൈവം നമ്മെ പ്രത്യേകം സ്നേഹിക്കുന്നതിന്റെ തെളിവുകളാണ്. അനന്യജീവിതവിശുദ്ധികൊണ്ടും, ആവേശജനകമായ സുവിശേഷവേലകൊണ്ടും നമ്മെയെല്ലാം വിസ്മയിപ്പിച്ച ലീനസ് മരിയ സുക്കോളച്ചനും ഈ മിഷന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. ഈ മിഷനറിമാരുടെ സഹകാരികളായി പ്രവർത്തിച്ച അലോഷ്യസ് ഡെലൽസോട്ടോ അച്ചനും, മൈക്കിൾ വെൻഡർമിൻ അച്ചനും, എല്ലാ പിൻബലവും നല്കി പ്രവർത്തിച്ച കനോഷ്യൻ, ഉർസുലൈൻ, അപ്പസ്തോലിക് കാർമ്മൽ, ദീനസേവനസഭ പോലുള്ള സന്യാസ സമൂഹങ്ങളും, നിരവധിയായ അല്മായ പ്രേഷിതരും പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്. ഈ മിഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അനുവാദവും ആശീർവാദവും നല്കിയ കോഴിക്കോട്, കണ്ണൂർ രൂപത ഇടയന്മാരും പ്രത്യേകിച്ച് അഭിവന്ദ്യരായ പത്രോണി പിതാവും മാക്സ്വെൽ നൊറോണ പിതാവും വർഗീസ് ചക്കാലക്കൽ പിതാവും, ഈശോ സഭ, കർമ്മലീത്ത സഭ തുടങ്ങിയ സന്ന്യാസ സമൂഹങ്ങളുടെ മേലധികാരികളും, ഓരോ കാലഘട്ടത്തിലും അവരുടെ ദൈവീകമായ ദൗത്യം യഥാവിധി നിറവേറ്റിയവരാണ്.

ഈ വലിയ മിഷൻ പൈതൃകത്തിന്റെ ഓർമ്മകളുടെ നിറവിൽ മറ്റൊരു മിഷൻ പുറപ്പാടിനായി നാം ഒരുങ്ങുമ്പോൾ, ഉറവിടങ്ങളുടെ ഓർമ്മ സജീവമാക്കാൻ, കണ്ണൂർ രൂപതയ്ക്കുകാരണമായ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്ന്, മിഷനറിമാരുടെ കബറിടങ്ങളിൽ നിന്നാരംഭിക്കുന്ന വിശ്വാസത്തിന്റെ പ്രതീകമായ തെളിച്ച ദീപങ്ങളുമായുള്ള മിഷൻ പ്രയാണയാത്രകൾ, വാഹനങ്ങളുടെ അകമ്പടിയോടെ 29 -ാം തിയതി ഞായറാഴ്ച 3 മണിക്ക്, കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂൾ അങ്കണത്തിൽ ഒന്നുചേരുന്നു. കണ്ണൂർ ഫൊറോനയുടെ വിശ്വാസത്തിന്റെ ഉറവിടത്തെ സൂചിപ്പിച്ചുകൊണ്ട് പുരാതനമായ സെന്റ് ജെയിംസ് ചാപ്പലുള്ള സെന്റ് ആഞ്ചലോ കോട്ടയിൽനിന്നും, കോളയാട് മിഷന്റെ കേന്ദ്രമായ കോളയാട് സെന്റ് കൊർണേലിയൂസ് ദേവാലയത്തിൽനിന്നും, സംപൂജ്യനായ ജോസഫ് ടഫറേലച്ചന്റെ കബറിടമുള്ള കൊട്ടുകപ്പാറ ലൂർദ് മാതാ ദേവാലയത്തിൽനിന്നും, ചിറക്കൽ മിഷന്റെ സ്ഥാപകനായ പീറ്റർ കയ്റോണിയച്ചന്റെ പൂജ്യശരീരം അടക്കംചെയ്ത താവം ഫാത്തിമ മാതാ ദേവാലയത്തിൽനിന്നും, പുണ്യസ്മരണാർഹനായ ജെയിംസ് മൊന്തനാരിയച്ചന്റെ കബറിടമുള്ള ഏഴിമല ലൂർദ് മാതാ ദേവാലയത്തിൽ നിന്നും, ചിറക്കൽ മിഷന്റെ മുഖ്യശില്പികളിലൊരാളായ ലീനസ് മരിയ സുക്കോളച്ചൻ അന്ത്യവിശ്രമംകൊള്ളുന്ന മരിയപുരത്ത് നിന്നും, മാട്ടൂൽ മിഷന്റെ സൂചനയായി മാട്ടൂൽ വ്യാകുലമാതാ ദേവാലയത്തിൽ നിന്നും പുറപ്പെടുന്ന വിശ്വാസറാലികളിൽ, ഈ രൂപതയിലെ എല്ലാ വിശ്വാസികളും സർവ്വാത്മനാ സഹകരിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂൾ അങ്കണത്തിൽ 3 മണിയോടെ എത്തിച്ചേരുന്ന വിവിധ റാലികൾ, ഓരോ മിഷന്റെയും ബാനറിന്റെ പിന്നിലായി അണിനിരന്ന് ഏകദേശം 3.30 ന് രൂപതാ മാതൃദേവാലയമായ ഹോളി ട്രിനിറ്റി കത്തീഡ്രലിൽ എത്തിച്ചേരും. ദൈവം നമുക്ക് നല്കിയ ഏറ്റം വലിയ ദാനമായ നമ്മുടെ വിശ്വാസത്തിന് നന്ദി സൂചകമായി പൊന്തിഫിക്കൽ ദിവ്യബലി അർപ്പിക്കപ്പെടുന്നു. കണ്ണൂർ രൂപതയുടെ പ്രഥമ ഇടയനും, ഈ രൂപതയുടെ വളർച്ചയ്ക്ക് നല്ല അടിത്തറയിട്ട് വിസ്മയകരമായ മുന്നേറ്റങ്ങൾ നടത്തിയ കോഴിക്കോട് രൂപതയുടെ അഭിവന്ദ്യ മെത്രാൻ വർഗ്ഗീസ് ചക്കാലക്കിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ, തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് മെത്രാപ്പോലീത്ത സുവിശേസന്ദേശം നല്കും. കോട്ടയം രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരി പിതാവും, തലശ്ശേരി അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ ജോസഫ് പാംബ്ലാനി പിതാവും സഹകാർമ്മികരാകുന്ന ബലിയിൽ രൂപതയിലെ എല്ലാ വൈദീകരും സന്യസ്തരും അല്മായ സമൂഹവും സന്നിഹിതരായിരിക്കും.

**മിഷൻ ക്രോസിന്റെ സ്വീകരണവും ഹാർട്ട് ടു ഹാർട്ട് പരിപാടിയുടെ രൂപതാതല ഉദ്ഘാടനവും.**

കേരള ലത്തീൻ സഭയുടെ പ്രേഷിത പുന:സമർപ്പണത്തിന്റെ സൂചനയായി ഒക്ടോബർ 8-ാം തിയതി വല്ലാർപാടത്ത് സമാപിച്ച മിഷൻ കോൺഗ്രസ്സിൽ വച്ച് എല്ലാ രൂപതകൾക്കും വത്തിക്കാനിലെ ജനതക

ളുടെ സുവിശേഷവത്ക്കരണത്തിനുള്ള അഡ്ജങ്റ്റ് സെക്രട്ടറി അഭിവന്ദ്യ പ്രൊട്ടാസെ റുഗുംബാവോ മെത്രാപ്പോലീത്ത കൈമാറിയ മിഷൻ ക്രോസ് ഓരോ രൂപതയുടെയും മിഷൻ പുന:സമർപ്പണത്തിന്റെ പ്രതീകമാണ്. കർത്താവിന്റെ ജീവിതവും, പീഢാനുഭവവും കുരിശുമരണവും ഉത്ഥാനവും സൂചിപ്പിക്കുന്ന മിഷൻ ക്രോസ് നാം അന്ന് ബലിയുടെ ആരംഭത്തിൽ കത്തീഡ്രൽ ദേവാലയത്തിൽ സ്വീകരിക്കും (ഈ കുരിശ് സാവധാനം ഇടവകകളുടെ പ്രേഷിതചൈതന്യനവീകരണത്തിനായി വിവിധ ഇടവകകളിൽ സ്വീകരിക്കപ്പെടും). നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂടുതൽ കൃത്യതയുള്ളതാക്കാൻ നമുക്ക് ലഭിച്ചിരുന്ന ഒറീസായിലെ ബാലസൂർ രൂപതയുമായുള്ള നമ്മുടെ മിഷൻ സഹകരണം അന്ന് ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

ബാലസൂർ രൂപതാ മെത്രാൻ അഭിവന്ദ്യ സൈമൺ കായിപ്പുറം പിതാവും വിശുദ്ധ ബലിയിൽ സഹകാർമികനായിരിക്കും. ബാലസൂർ രൂപതയിലെ ഇടവകകളേയും മിഷൻ സ്റ്റേഷനുകളേയും നമ്മുടെ ഇടവകകളുമായി അന്ന് നമ്മൾ ലിങ്ക് ചെയ്ത് മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാം. ലിങ്ക് ചെയ്യപ്പെടുന്ന ഇടവകയുടെ വിശദാംശങ്ങൾ അന്നോ, തുടർന്നുള്ള ദിവസങ്ങളിലോ അറിയിക്കും. ഈ ഇടവകയ്ക്കായി ലിങ്ക് ചെയ്യപ്പെടുന്ന ഇടവക എന്നും പ്രാർത്ഥിക്കേണ്ടതാണ് വിശേഷിച്ച് ഞായറാഴ്ചയുള്ള ബലിമധ്യേ. ഈ ഇടവകയുടെ/മിഷൻ സ്റ്റേഷന്റെ ആവശ്യങ്ങളറിഞ്ഞ് ഇടവകയാൽ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കണം. ഇതിന്റെ തുടക്കം എന്ന രീതിയിൽ അന്ന് കത്തീഡ്രലിൽ വി. ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും കഴിയുന്ന ഒരു നല്ല തുക ബലിമധ്യേ സ്തോത്രക്കാഴ്ചയായി സമർപ്പിച്ച് നമുക്ക് ഈ പ്രവർത്തനം ആരംഭിക്കാം. ഈ തുകയുടെ ചെക്ക് അഭിവന്ദ്യ സൈമൺ പിതാവിന് അന്ന് തന്നെ കൈമാറുന്നതാണ്.

ഇതോടൊപ്പംതന്നെ, നമ്മുടെ രൂപതയിൽ നിന്ന് നമുക്ക് ആ രൂപതയിൽ സേവനം ചെയ്യാൻ വൈദീക/സന്യസ്ത വിളികളിലേക്ക് യുവതിയുവാക്കളെ അയക്കുവാനും പരിശ്രമിക്കാം. നമ്മുടെ അല്മായ പ്രസ്ഥാനങ്ങളും സംഘടനകളും, ബാലസൂർ രൂപതയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഇവരെ പരമാവധി സഹായിക്കാൻ ശ്രമിക്കുകയും ചെയ്യണം.

ദിവ്യബലിയുടെ അവസാനം വിശ്വാസം സൂചിപ്പിക്കുന്ന കത്തിച്ചുപിടിച്ച മെഴുകുതിരികളുമായി വിശുദ്ധബലിയിൽ പങ്കെടുക്കുന്ന ഏവരും വിശ്വാസപ്രഘോഷണപ്രതിജ്ഞയെടുക്കുന്നു. അൾത്താരയിൽനിന്ന് വിശ്വാസപ്രഘോഷണത്തിലേക്ക് പരിശുദ്ധാരൂപിയിൽ അഭിഷിക്തരായി നമുക്ക് മുന്നേറാൻ ശ്രമിക്കാം. രൂപതാ മാധ്യസ്ഥയായ പരിശുദ്ധ വരപ്രസാദനാഥയുടെയും ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യറിന്റെയും, ധന്യരായ നമ്മുടെ മിഷനറിവര്യന്മാരുടെയും മാദ്ധ്യസ്ഥം നമുക്ക് തുണയാകട്ടെ, വിശുദ്ധരുടെ മാതൃകയും മിഷനറിമാരുടെ ജ്വലിക്കുന്ന ഓർമ്മകളും നമുക്ക് പ്രചോദനമാകട്ടെ.

**രൂപതയ്ക്കായ് ദിവ്യകാരുണ്യസന്നിധിയിൽ:** കണ്ണൂർ രൂപതയിലെ ദൈവജനത്തിന്റെ നവീകരണത്തിനും പ്രേഷിതമുന്നേറ്റത്തിനുമായി രൂപതയിലെ സന്യസ്തസമൂഹങ്ങൾ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാനിരതരാണ്. 2017 സെപ്തംബർ 29 മുതൽ ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ എല്ലാ വെള്ളിയാഴ്ചകളിലും രൂപതയിലെ സന്യാസസമൂഹത്തിന്റെ പ്രതിനിധികൾ നമുക്കായി പ്രാർത്ഥിക്കുന്നു. കണ്ണൂർ ഹോളി മൗണ്ടിൽ Sisters of the Oblates of the Vulnerable ന്റെ നേതൃത്വത്തിലും, പരിയാരം ക്രിസ്തുരാജ സന്നിധാനത്തിൽ ദിവ്യനാദം പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിലും, കോളയാടും ഇരിട്ടിയിലുമുള്ള ആരാധനകളും രൂപതയുടെ നവീകരണയജ്ഞത്തിൽ സഹായകമാകും. കോളയാട് ഉടനെ ആരംഭിക്കുന്ന Avilaram Cloistered Carmel സമൂഹത്തിന്റെ നിത്യാരാധന രൂപതയുടെ നവീകരണത്തിന് പോഷണമാകും.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ സ്നേഹപൂർവം ആശീർവദിക്കുന്നു.

കണ്ണൂർ ബിഷപ്പ്സ് ഹൗസിൽനിന്ന്

കണ്ണൂർ
10.10.2017

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

N.B: ഈ ഇടയലേഖനം 2017 ഒക്ടോബർ 22-ന് വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദേവാലയങ്ങളിലും കപ്പേളകളിലും വായിക്കേണ്ടതാണ്.